E-mail: dir.dme@kerala.gov.in,
dmekerala@gmail.com

Fax:0471-2443080

Phone : Office:0471-2528575
Director(Personal):0471-2444011
Medical College.P.O.
Thiruvananthapuram-695011

GOVERNMENT OF KERALA

# DIRECTORATE OF MEDICAL EDUCATION

നം : എച്ച് 1/26187/13/ഡി.എം.ഇ

തീയതി : 16.11.2024

<u>അനുബന്ധം എച്ച് 5</u>

നം : എച്ച് 1/26187/13/ഡി.എം.ഇ

ഡയറക്ടർ

മെഡിക്കൽ വിദ്യഭ്യാസ കാര്യാലയം

27.09.2023 മുതൽ അനധികൃതമായി ജോലിക്ക് ഹാജരാകാത്ത തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ലാബ് ടെക്നീഷ്യൻ(ഫാർമസി) ശ്രീമതി.ജയലക്ഷ്മി.എസ് ന എതിരായ കുറ്റപത്രം ദിനപത്രത്തിൽ പ്രസിദ്ധീകരിച്ച് 15 ദിവസത്തിനകം പ്രതിവാദപത്രിക ലഭിക്കേണ്ടതാണ് .

വിശദ വിവരങ്ങൾക്ക് www.dme.kerala.gov.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

ഡോ. തോമസ് മാത്യു
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ,
കേരളം

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
DIRECTORATE OF MEDICAL EDUCATION

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

നമ്പർ. എച്ച് 1/26187 /2013 / മെ.വി.വ.                                                    തീയതി: 16.11.2024

**അനുബന്ധം എച്ച് 4**

**നോട്ടീസ്**

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 05.04.2013 ന് ലാബ് ടെക്നീഷ്യൻ(ഫാർമസി) തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.ജയലക്ഷ്മി.എസ് ന് 27.09.2013 മുതൽ 26.09.2018 വരെ അഞ്ച് വർഷത്തേക്ക് ശൂന്യവേതനാവധിക്ക് അപേക്ഷിച്ചിരുന്നു. തുടർന്ന് 27.09.2018 മുതൽ 26.09.2023 വരെ അഞ്ച് വർഷത്തേക്ക് കൂടി ശൂന്യവേതനാവധി നീട്ടി നൽകിയിരുന്നു. പ്രസ്തുത അവധിയുടെ കാലാവധി 26.09.2023 ന് അവസാനിച്ചുവെങ്കിലും ടിയാൾ നാളിതുവരെയും ജോലിക്ക് തിരികെ ഹാജരാകാതിരുന്നതിനാൽ എച്ച്1/26187/2013/മെ.വി.വ 12/09/2024 തീയതി പ്രകാരം കുറ്റപത്രത്തിന്മേൽ നിശ്ചിത സമയത്തിനുള്ളിൽ പ്രതിവാദ പത്രിക സമർപ്പിക്കുന്നതിനും 1960 ലെ കേരള സിവിൽ സർവീസുകൾ (തരം തിരിക്കലും അപ്പീലും നിയന്ത്രണവും) നിയമ പ്രകാരം താങ്കൾക്കെതിരെ ശിക്ഷണ നടപടികൾ സ്വീകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിനുമായി താങ്കളുടെ നിയമന ഉത്തരവിൽ ഉള്ള മേൽവിലാസത്തിൽ അയച്ചു നല്കിയിരുന്നു. എന്നാൽ നാളിതുവരെ താങ്കൾ കാരണം ബോധിപ്പിക്കുകയോ ജോലിയിൽ തിരികെ പ്രവേശിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധീകരിച്ച് 15 ദിവസത്തിനുള്ളിൽ പ്രതിവാദ പത്രിക /വിശദീകരണം ലഭിച്ചില്ലെങ്കിൽ താങ്കൾക്ക് ഈ വിഷയത്തിൽ ഇനിയൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ സേവന നിരീക്ഷണ കാലം അവസാനിപ്പിച്ച് സർവിസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള അന്തിമ നടപടികൾ സ്വീകരിക്കുന്നതാണ്. താങ്കൾക്കെതിരേയുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും ആവശ്യമെങ്കിൽ ആയതു ലഭിക്കുന്നതിനായി അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഓഫീസ് പ്രവർത്തന സമയത്ത് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നേരിട്ടോ ആയതു അയയ്ക്കേണ്ട വ്യക്തമായ മേൽവിലാസം രേഖപ്പെടുത്തിയ അപേക്ഷ സമർപ്പിച്ചോ കൈപ്പറ്റാവുന്നതാണ്.

ഡോ.തോമസ് മാത്യു
മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ
കേരളം

ഭരണ ഭാഷ മാതൃഭാഷ

ഇ-മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471 2443080

ഫോൺ: (ഓഫീസ്) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽ കോളേജ്. പി.ഒ.
തിരുവനന്തപുരം - 695011

DME
മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
DIRECTORATE OF MEDICAL EDUCATION

കേരള സർക്കാർ

## മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

നമ്പർ. എച്ച്1/26187/ 2013/ മെ.വി.വ — തീയതി: 12.09.2024

### കുറ്റപത്രം

ശ്രീമതി.ജയലക്ഷ്മി.എസ് എന്ന താങ്കൾ ലാബ് ടെക്നീഷ്യൻ(ഫാർമസി) തസ്തികയിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സേവനമനുഷ്ഠിക്കവേ അനധികൃതമായി ജോലിക്ക് ഹാജരാകാത്തതിൻമേലും അപ്രകാരം കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയതിനും താങ്കൾക്കെതിരെ വകുപ്പുതലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് നിർബന്ധിതമായിരിക്കുന്നു. താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവീസുകൾ(തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് അല്ലെങ്കിൽ കേരളസർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960, അതുമല്ലെങ്കിൽ നിർദ്ദേശിക്കാവുന്ന പ്രകാരം ബാധകമാകുന്ന മറ്റ ചട്ടങ്ങൾക്ക കീഴിൽ ഉദ്ദേശിക്കുന്ന പ്രകാരമുള്ള ശിക്ഷണ നടപടി എടുക്കാതിരിക്കാൻ കാരണം എന്തെങ്കിലുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതാകുന്നു. താങ്കൾക്ക് പ്രതിവാദ പത്രിക രേഖാമൂലം സമർപ്പിക്കുന്നതിന്. ഈ ആരോപണ പത്രിക കൈപ്പറ്റുന്ന ദിവസം മുതൽ 15 ദിവസം വരെയുള്ള സമയം അനുവദിച്ചിരിക്കുന്നു. ഈ സമയത്തിനുള്ളിൽ നിങ്ങളുടെ പത്രിക ലഭിയ്ക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു വിശദീകരണവും നൽകാനില്ല എന്ന അനുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ട മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമായ രേഖകൾ താങ്കൾക്ക് പരിശോധിക്കാനുണ്ടെങ്കിൽ ,നിശ്ചയിച്ചിട്ടുള്ള ദിവസത്തിനുള്ളിൽ ആവശ്യപ്പെട്ടാൽ അതിനവസരം നൽകാവുന്നതാണ്. മേൽ പറഞ്ഞ കുറ്റത്തിന് ആധാരമായ ആരോപണ പ്രതിക ഇതോടൊപ്പം ചേർക്കുന്നു.

ഡോ. വിശ്വനാഥൻ കെ.വി
JDME(M)

സ്വീകർത്താവ്,

ശ്രീമതി.ജയലക്ഷ്മി എസ്
ജയലയം,
ഇഞ്ചക്കാട്,
കാക്കക്കുന്ന്.പി.ഒ.
കൊല്ലം-690522

പകർപ്പ്:പ്രിൻസിപ്പൽ.ഗവ.മെഡിക്കൽ കോളേജ്.തിരുവനന്തപുരം

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ്) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ് പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം

നമ്പർ. എച്ച്/ 26187/ 2013/ മെ.വി.വ.

തീയതി: 12.09.2024

## കുറ്റാരോപണ പത്രിക

തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ലാബ ടെക്നീഷ്യൻ(ഫാർമസി) തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ജയലക്ഷ്മി.എസ് നെതിരെയുള്ള ചാർജ്

05.04.2013 ന് ലാബ ടെക്നീഷ്യൻ(ഫാർമസി) തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.ജയലക്ഷ്മി.എസ് ന് 27.09.2013 മുതൽ 26.09.2018 വരെ അഞ്ച് വർഷത്തേക്ക് ശൂന്യവേതനാവധിക്ക് അപേക്ഷിച്ചിരുന്നു.തുടർന്ന് 27.09.2018 മുതൽ 26.09.2023 വരെ അഞ്ച് വർഷത്തേക്ക് കൂടി ശൂന്യവേതനാവധി നീട്ടി നൽകിയിരുന്നു. പ്രസ്തുത അവധിയുടെ കാലാവധി 26.09.2023 ന് അവസാനിച്ചുവെങ്കിലും ടിയാരി നാളിതുവരെയും ജോലിക്ക് തിരികെ ഹാജരായിട്ടില്ല എന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്നു.തുടർന്ന് ഈ കാര്യാലയത്തിൽ നിന്നും ജോലിയിൽ പ്രവേശിക്കാത്തതിന്റെ കാരണം ബോധിപ്പിക്കുവാൻ 15 ദിവസത്തെ സമയം നൽകിക്കൊണ്ടുള്ള നോട്ടീസ് നൽകുകയും ചെയ്തിരുന്നു. എന്നാൽ ടി നോട്ടീസിനും യാതൊരു വിശദീകരണവും നൽകിയിട്ടില്ല. ഉത്തരവാദിത്തപ്പെട്ട തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന സേവന നിരീക്ഷണത്തിലുള്ള താങ്കൾ മേൽ പറഞ്ഞ രീതിയിൽ കാണിച്ചിരിക്കുന്ന ഗുരുതര കൃത്യ വിലോപത്തിന് താങ്കൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ് എന്ന് അറിയിക്കുന്നു.

ഡോ.വിശ്വനാഥൻ.കെ.വി

JDME(M)

മേൽവിവരിച്ച ആരോപണങ്ങൾക്ക് അടിസ്ഥാനമാക്കിയുള്ള രേഖകൾ:

1.ഈ ഓഫീസിൽ നിന്നുള്ള ഉത്തരവ് നം.എച്ച്/26187/2013/ഡി.എം.ഇ തീയതി:25.09.2013

2.ഈ ഓഫീസിൽ നിന്നുള്ള ഉത്തരവ് നം.എച്ച്/26187/2013/ഡി.എം.ഇ തീയതി:24.06.2019